# M.J.S.S.A. വാർഷിക പരീക്ഷ 2021

**Pluss II** | **Answerkey** | **Marks -100**

**Note :** ചോദ്യപേപ്പർ, പാഠപുസ്തകം, ഉത്തര സൂചിക എന്നിവയുമായി ഒത്ത് നോക്കണം

**ഒറ്റവാക്കിൽ ഉത്തരം എഴുതുക** **1x15=15**

1. വി.മർക്കോസ് 2:27, 2. മോർ അപ്രേം, 3. എമ്മേലിയ, 4. മോർ ഗ്രിഗോറിയോസ് നിസ്സ, 5. ജോൺ ക്രിസോസ്റ്റം 6. എഫേസ്യർ, 7. മാദ്ധ്യമങ്ങൾ 8.സി.പി.സ്കോട്ട് ,9. കന്യകമറിയം, 10. വിശ്വാസത്തിന്റെ, 11.വി.യോഹന്നാൻ, 12. വിശപ്പ്, 13. വി.ലേവി, 14.വി.ഗ്രന്ഥം,15. കുർബ്ബാന

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക** **2x15=30**

16. കർത്താവിന്റെ വചനങ്ങളുടെ ലിഖിത രൂപം - ഉറവിടം എന്നർത്ഥം. (പേജ് 12)
17. സ്വാർത്ഥ ലാഭത്തിനും, അന്യഉപദേശങ്ങളുടെ പ്രചരണത്തിനും വേണ്ടിയുള്ള സുവിശേഷങ്ങൾ ഉദാ. പത്രോസ്, തോമസ്, ബർത്തലോമിയ എന്നിവരുടെ പേരിലുള്ളവ. (പേജ് 8)
18. ഏശായായുടെ സ്വർഗ്ഗാരോഹണം, ഹെർമാസിന്റെ ഇടയൻ (പേജ് 29)
19. തനിക്കു പറ്റിയ ഭാഗങ്ങൾ മാത്രം സാത്താൻ തിരുലിഖിതങ്ങളിൽ നിന്ന് എടുക്കും. പറ്റാത്തവ വിട്ടുകളയും. പാഷാണ്ഡന്മാരും ഇതുതന്നെ ചെയ്യുന്നതിനാൽ അവർ ശിഷ്യരാണ്. (പേജ് 49)
20. സഭയോടുള്ള യേശുക്രിസ്തുവിന്റെ സനാതനവും അവിഭാജ്യവുമായ ബന്ധം ഐക്യത്തിൽ സമന്വയിച്ച് അവിഭാജ്യമായി നിലകൊള്ളുന്നതിനാൽ (പേജ് 94)
21. വി.ബേസിലിന്റെ സഹോദരന്മാരായിരുന്നു വി.ഗ്രിഗറി നിസ്സാ, സെബസ്ത്യയിലെ വി.പീറ്റർ. സഹോദരിയാകട്ടെ താപസ ജീവിതം നയിച്ച വി.മക്രീന (പേജ് 57)
22. സുബോറോ വാർത്തയെപ്പറ്റി പറയുന്നിടത്ത്: 'ഹവ്വായുടെ കാതിലൂടെ മരണം കടന്നു കയറി, അതുപോലെ മറിയത്തിന്റെ കാതിലൂടെ ജീവൻ പ്രവേശിച്ചു' എന്ന് പറഞ്ഞിരിക്കുന്നു. (പേജ് 37)
23. ഗ്രീഗോറിയോസിന്റെ അഭിപ്രായത്തിൽ, മനുഷ്യനു ദൈവീകനാകുവാനുള്ള സാദ്ധ്യത ദൈവം സൃഷ്ടിയിലെ നൽകിയെന്നുള്ളതിന്റെ സൂചനയാണ് മനുഷ്യന് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം. ദൈവസാദൃശ്യത്തിൽ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതിന്റെ ആന്തരിക അർത്ഥം, ദൈവത്തിന്റെ സ്വാതന്ത്ര്യത്തിലും, നന്മയിലും മനുഷ്യനു പങ്കാളിത്തം നൽകിയിരിക്കുന്നുവെന്നാണ് (പേജ് 71)
24. പ്രപഞ്ചമാകുന്ന പുസ്തകം, തിരുലിഖിതം, മിശിഹായെന്ന താക്കോൽ എന്നിവ (പേജ് 51)
25. ഗ്രീക്ക് ഭാഷയിൽ സുവിശേഷങ്ങളെ ഏവൻഗേല്യോൻഎന്നാണ് വിളിക്കുന്നത്. സുറിയാനിയിലും ഇതുതന്നെ. വിജയത്തിന്റെ സദ്വാർത്ത എന്നും അർത്ഥമുണ്ട്. (പേജ് 9)
26. ആദ്യത്തെ മൂന്ന് സുവിശേഷങ്ങളായ വി.മത്തായി, വി.മർക്കോസ്, വി.ലൂക്കോസ് - ഉള്ളടക്കങ്ങൾ തമ്മിൽ സാമ്യങ്ങൾ (പേജ് 11)
27. നോമ്പുകൾ, വിശ്വാസിയെ അനുതാപത്തിലേക്ക് നയിക്കുന്നു. ദൈവരാജ്യത്തിലേക്ക് പ്രവേശനത്തിനും (വി.മത്തായി 3:1, 4:17) രക്ഷയ്ക്കും (വി.യോഹന്നാൻ 3:3) ഇത് അത്യന്താപേക്ഷിതവും അനിവാര്യവുമാണ്. (പേജ് 117)
28. ഗിരിപ്രഭാഷണം, ദൗത്യപ്രഖ്യാപനം, ഉപമകൾ, പൊതുതത്വങ്ങൾ, അന്ത്യപ്രഭാഷണം (പേജ് 13)
29. കപടഭക്തരായ പരീശന്മാരും ശാസ്ത്രിമാരും ജനങ്ങളിൽ നിന്നു കേൾക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന സംബോധനകളായിരുന്നു; പിതാവ്, ഗുരു, യജമാനൻ എന്നതൊക്കെ. (വി.മത്തായി 23-ാം അദ്ധ്യായം) ഈ പ്രവണതയെ നിരുത്സാഹപ്പെടുത്തുന്നതിനാണു യേശു ഇപ്രകാരം പ്രസ്താവിച്ചത്. ( പേജ് 21)
30. യെറുശലേമിലെ ആദിമ ക്രൈസ്തവർ ഭൂരിപക്ഷവും അന്ത്യോഖ്യായിലേക്ക് കുടിയേറി പാർത്തത് സ്തേഫാനോസ് സഹദായുടെ മരണത്തോടെയാണ്. അവിടെ വച്ച് 'ക്രിസ്ത്യാനികൾ' എന്ന പേര് ലഭിച്ചു, ( പ്രക്സിസ് 11:26) ആദിമ സഭയുടെ മിഷൻ കേന്ദ്രവും പരി. പത്രോസ് ശ്ലീഹായുടെ സിംഹാസനാസ്ഥാനവും ആയിത്തീർന്നു. (പേജ് 111)

**ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.** **5x3=15**

31. സഭാ പിതാക്കന്മാർ ഒന്നാമതായി യേശു ക്രിസ്തുവിൽക്കൂടിയുള്ള ദൈവിക വെളിപ്പാടിനെ അംഗീകരിക്കുന്നവരും പ്രസ്തുത സത്യത്തെ കുറ്റമറ്റ നിലയിൽ സാക്ഷിക്കുന്നവരും ആയിരിക്കണം. രണ്ടാമതായി, അവർ ഏറ്റവും ഉയർന്ന ജീവിത വിശുദ്ധിയുടെയും ആർജവത്വത്തിന്റെയും ഉടമകളായിരിക്കണം. മൂന്നാമതായി, സഭയുടെ വളർച്ചയ്ക്കു വ്യക്തമായ സംഭാവന ചെയ്തവരായിരിക്കണം. നാലാമതായി മേല്പറഞ്ഞ മൂന്നു കാര്യങ്ങളിലും സഭയുടെ അംഗീകാരം ലഭിച്ചവരുമായിരിക്കണം. (പേജ് 21,22)

32. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ അവിഭാജ്യമായി ഐക്യപ്പെടുന്ന വിവാഹമാണ് ആദർശമായി എല്ലാ സമൂഹങ്ങളും സംസ്കാരങ്ങളും അംഗീകരിക്കുന്നത്. ഹവ്വായെ തന്റെ അസ്ഥിയുടെ അസ്ഥിയെന്നും മാംസത്തിന്റെ മാംസമെന്നും ആദാം സംബോധന ചെയ്യുമ്പോൾ ഏക ഭാര്യാത്വമാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന് ഇസ്രായേലിനോടുള്ള ബന്ധത്തെ വിവാഹത്തോട് ഉപമിക്കുമ്പോഴും ഇതുതന്നെ അർത്ഥമാക്കുന്നു. ( പേജ് 93)

33. വിവിധ ഭാഷാ രൂപങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. തനിഗദ്യം (തുർഗാമൊ). വേദപുസ്തക വ്യാഖ്യാനങ്ങളും ചില പാഷാണ്ഡതാവിരുദ്ധ കൃതികളും ഈ ഗണത്തിൽ ഉൾപ്പെടുന്നു.

2. ഗദ്യപദ്യമിശ്രിതം (വൃത്തഗന്ധിയായ ഗദ്യം/മെമ്രോ) പ്രസംഗം, പ്രഭാഷണം, പ്രസ്താവന, പ്രബന്ധം എന്നൊക്കെ മെമ്രാ (മെമ്രോ) വിവർ ത്തനം ചെയ്യാം.

3. പദ്യം (മദ്റാശൊ). തനി പദ്യരൂപത്തിലാണ് അപ്രേമിന്റെ മിക്ക കൃതികളും. പല്ലവിപാട്ട് (ഓനീസൊ), താരാട്ടുപാട്ട് ( സൂഗീസൊ), സ്തോത്ര ഗാനം (തെശ്ബുഹ്തൊ), പ്രാർഥനാഗാനം (ബോവൂസൊ), മാദ്ധ്യസ്ഥഗാനം (സേബെൽതൊ/ പടിപ്പാട്ട്) എന്നിങ്ങനെ പല തരം ഗാനങ്ങളുണ്ട്. പദ്യ രൂപത്തിലുളള നീണ്ട ഉപദേശങ്ങൾക്ക് മദ്റാശൊ എന്നു പറയാം. പാടി ധ്യാനിക്കുവാനായി എഴുതപ്പെട്ടവ യാണവ. (പേജ് 35)

**നാലു പേജിൽ കുറയാതെ ഉപന്യസിക്കുക** **12x2=24**

34. **മോർ അത്താനാസിയോസ്**- (പേജ് 29-33)

Or

**ബേസിലും സാമൂഹ്യപ്രവർത്തനവും** - ലോകത്തിൽ നിന്ന് ഓടി ആശ്രമത്തിൽ .......................... ഇന്നത്തെ ലോകം എത്ര വ്യത്യസ്തം. (പേജ് 67,68,69)

35 **സുറിയാനി സഭയുടെ സവിശേഷതകൾ** (9 എണ്ണം ) (പേജ് 111-117)

Or

**മാദ്ധ്യമങ്ങളുടെ ദുഃസ്വാധീനം** - ( 11 എണ്ണം) (പേജ് 102-106)

**ഗീതം പൂരിപ്പിക്കുക** **6x1=6**

36. മഹിമയൊടക്കബറീന്നു പുറ-പ്പെട്ടീ സൃഷ്ടികളെ
ശോഭിപ്പിച്ചൊരു ശോഭയതാമേശു സ്തുത്യനഹോ
ശെമഓനും യോഹന്നാനും - ചെന്നാക്കബറിങ്കൽ
സ്തുതിപാടി സന്തോഷത്തോ- ടെ പോയവർ തിരികെ.
ആഴ്ചയിലാദ്യത്തേതായീ - ടുന്നീ ശുദ്ധദിനേ
ആദ്യജനുയിർ പൂണ്ടെഴുന്നേൽപ്പി - ച്ചീ മൺമയരെയും

**പ്രാർത്ഥന പൂർത്തിയാക്കുക** **10x1=10**

37. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവെ ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനെ ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവും ആകുന്ന നിദ്രയിൽ നിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ട വനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളോടൊന്നിച്ച് വിശുദ്ധിയോടു കൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേയ്ക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ ( സ്തുതിച്ചു പുകഴ്ത്തുമാറാകണമെ. ) ആമ്മീൻ.